

എല്ലാ മാസത്തെയും ഒന്നാം തീയതി ഈശോ ആനിലൂടെ തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ദൗത്യത്തിന് ഒരു പുതിയ സന്ദേശം നല്കുന്നു.

ജൂൺ 1, 2011

ഈശോ

പ്രിയ അപ്പസ്തോലരെ, മനുഷ്യവർഗം വേദനിക്കുന്നു. നിങ്ങൾക്ക് കാണാൻ കണ്ണുണ്ടെങ്കിൽ പിതാവിൽനിന്ന് വേർപെട്ടിരിക്കുന്ന ദൈവമക്കളെ നിങ്ങൾക്ക് ചുറ്റും കാണുവാൻ സാധിക്കും. ഒരു കുഞ്ഞ് വേദനിക്കുമ്പോൾ, അവന്റെ പിതാവ് അരികിലുണ്ടാവുകയും അവനെ താലോലിക്കുകയും ചെയ്യുമ്പോൾ ആശ്വസിപ്പിക്കപ്പെടുന്നു. കഠിനവേദന യിൽപ്പോലും ആ കുഞ്ഞ് മനസിലാക്കപ്പെടുന്നു. താൽക്കാലികമായ അപകട സാധ്യത നേരിട്ടാൽപോലും, വലിയ സുരക്ഷിതത്വമുണ്ടെന്ന് കുഞ്ഞിന് തോന്നുന്നു. ആത്യന്തികമായ സുരക്ഷിതത്ത്വത്തിലേക്കാണ് ഒരുവൻ വിളിക്കപ്പെ ട്ടിരിക്കുന്നതെന്ന് അറിയുന്നത് ഏത് പ്രതിബന്ധങ്ങളേയും തരണം ചെയ്യാൻ കഴിയുന്നതാണ്, മരണത്തെപ്പോലും. എന്റെ ഏറ്റവും വാത്സല്യമുള്ള അപ്പസ്തോലരെ, മറ്റുള്ള പലർക്കും ഇല്ലാത്ത എന്തോ ഒന്ന് നിങ്ങൾക്കുള്ളതായി കാണുന്നുണ്ടോ? നിങ്ങളുടെ ആന്ത്യന്തികമായ സുരക്ഷിതത്വത്തേക്കുറിച്ചുള്ള പ്രതീക്ഷ? സുദൃഢമായ ഒരു ഭിത്തി നിങ്ങളുടെ പിന്നിൽ ഉണ്ടായി ഒരു ദിവസം അത് നിങ്ങളെത്തന്നെ ഉൾക്കൊള്ളുന്നതായി നിങ്ങൾ കാണുന്നുണ്ടോ? അപ്പോൾ, നിങ്ങൾ ഒരിക്കലും അപകടത്തിലായിരിക്കുകയില്ല. നിങ്ങളുടെ മാത്രം സുരക്ഷിതത്വം ഓർത്തല്ല, നിങ്ങ ളുടെ ചുറ്റുമുള്ള എല്ലാവരുടേയും സുരക്ഷിതത്വം ഓർത്ത് ആനന്ദിച്ചാഹ്ലാദിക്കുന്ന ഒരാളെപ്പോലെ ആയിരിക്കും നിങ്ങൾ. വിശുദ്ധരുടെ കൂട്ടായ്മയിലേക്ക് നിങ്ങൾ ആനയിക്കപ്പെടും. വിശുദ്ധർക്ക് മനുഷ്യവംശത്തിന്റ കഷ്ടതകൾ അറിയാവുന്നതുകൊണ്ട് ഭൂമിയിലുള്ള തങ്ങളുടെ സഹോദരീസഹോദരന്മാരുടെ നിത്യരക്ഷയ്ക്കായി ആഹ്ലാദത്തോടെ അവിശ്രാന്തം അദ്ധ്വാനിക്കുന്നു. ഭൂമിയിലെ നിങ്ങളുടെ ജീവിതം അവസാനിക്കുമ്പോൾ നിങ്ങൾ എനിക്ക് നല്കിയ നിങ്ങളുടെ ചെറിയ അതെ ഉത്തരങ്ങളിലൂടെ ഞാൻ പൂർത്തീകരിച്ച മഹത്തായ കാര്യങ്ങൾ നിങ്ങൾക്ക് മനസിലാ കും. അപ്പോൾ നിങ്ങൾ പറയും, അതെ, അത് എല്ലാറ്റിനേക്കാൾ ശ്രേഷ്ഠമായിരുന്നു. നിങ്ങൾ ഇത് പറയും, പ്രിയ സ്നേഹിതരെ, നിങ്ങളുടെ സഹനത്തിന്റെ അളവോ, അനുഷ്ഠിച്ച പരിത്യാഗമോ കണക്കിലെടുക്കാതെ. എന്നാൽ നിങ്ങളുടെ സ്വർഗീയ മുന്നേറ്റത്തെയോർത്ത് ഞാൻ ആഹ്ലാദിക്കുമ്പോഴും, എന്റെ ശുശ്രൂഷയിൽ മുന്നോട്ട് നീങ്ങാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു. മറ്റുള്ളവർ ഈ ആത്മവിശ്വാസവും സുരക്ഷിതത്വവും സ്വന്തമാക്കണം. ഒരു മനുഷ്യൻ നഷ്ടപ്പെടുകയും അദ്ദേഹത്തെ പിന്നീട് തിരിച്ചുകിട്ടുകയും ചെയ്തു എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ എന്നോടുകൂടെ സന്തോഷിക്കുമോ? ഇപ്പോൾ വേദനിക്കുന്ന ഈ മനുഷ്യൻ, നിങ്ങളുടെ എന്നോടുള്ള ഈ ദിവസത്തെ വിധേയത്വം വഴി സ്വർഗത്തിന് അവകാശിയാവുകയാണെങ്കിൽ ആ വിധേയത്വം നിങ്ങൾ എനിക്ക് തരുമോ? ഒരു ദിവസ ത്തേക്കുകൂടി? ഇതാണ് ഞാൻ നിങ്ങളിൽനിന്നും ആവശ്യപ്പെടുന്നത്. അതെ എന്ന് എനിക്ക് ഉത്തരം തരിക. ദിവസംതോറും എനിക്ക് ഇത് നൽകുക. ശ്രദ്ധിക്കുക, പ്രിയപ്പെട്ട പ്രേഷിതാ, നിങ്ങളുടെ അതെ എന്ന ഉത്തരം കൊണ്ട് എനിക്ക് ഇന്ന് എന്ത് ചെയ്യാൻ കഴിയുമെന്ന്. കഴിഞ്ഞകാലങ്ങളിൽ നിങ്ങളുടെ അതെ ഉത്തരംകൊണ്ട് എന്താണ് ഞാൻ ചെയ്തതെന്ന് പിന്നോട്ട് നോക്കി കാണുക. നിങ്ങളിലൂടെ ഞാൻ നേടിയെടുത്തതെന്താണെന്ന് പിന്നോട്ട് നോക്കി കാണുക. ഞാൻ നിങ്ങളിലൂടെ നേടിയെടുത്തത് എന്താണെന്ന് പിന്നോട്ട് നോക്കുമ്പോൾ നിങ്ങൾക്കു വെളിപ്പെടും. നിങ്ങളുടെ സാന്നിദ്ധ്യംവഴി പിതാവ് അവിടുത്തെ ഹൃദയത്തിൽ കൈവരിച്ചതിന്റെ പൂർണ മായ വ്യാപ്തി എന്താണെന്ന് സ്വർഗത്തിൽവച്ച് മാത്രമേ നിങ്ങൾക്ക് കാണുവാൻ സാധിക്കുകയുള്ളു. നിങ്ങൾക്ക് സമാധാനം കൈവരിക്കുവാനും, നിങ്ങളിലൂടെ മറ്റുള്ളവർക്ക് സമാധാനം കൈവരിക്കുവാനും എന്നെ ആശ്രയി ക്കുക.

**നമ്മുടെ കാലത്തിന്റെ മാർഗദർശനം**

**അത്മായ അപ്പസ്തോലയായ ആനിന് നൽകപ്പെട്ടത്.**

കൂടുതൽ വിവരങ്ങൾക്ക്:
www.directionforourtimes.com

Dr. Sunny George
Mob : 940 076 4696
E-mail : geosunny@gmail.com